# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1102 | 14.06.2012 ൽ -മറുപടിക്ക്

## വയനാട് ജില്ലയിലെ റേഷൻ കടകളുടെ നവീകരണം

| | ചോദ്യം<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ | | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | അംഗീകൃത റേഷൻ കടകളുടെ നവീകരണത്തിനുള്ള പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) | റേഷൻ കടകളുടെ നവീകരണ പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിൽ കഴിഞ്ഞ 4 വർഷങ്ങളായി 32 റേഷൻ കടകൾ തിരഞ്ഞെടുക്കുകയും, അവയിൽ താഴെ സൂചിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതുമാണ്. ഇളം മഞ്ഞ നിറം ഉപയോഗിച്ച് പെയിന്റ് ചെയ്യുകയും, റേഷൻ സാധനങ്ങളുടെ സാമ്പിളുകൾ സ്ഫടിക് ജാറുകളിൽ പ്രദർശിപ്പിക്കുകയും , കടകളിൽ ട്യൂബ് ലൈറ്റ്, സി.എഫ്.എൽ ലാമ്പ്, ഫാൻ എന്നിവ ഉപയോഗിക്കുകയും, ഇലക്ട്രോണിക് തൂക്ക മെഷീനുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 5 വർഷത്തിലധികം പഴക്കമുള്ള റിക്കാർഡുകൾ കടകളിൽ നിന്ന് മാറ്റുകയും ബാക്കിയുള്ളവ ഷെൽഫിൽ വൃത്തിയായി അടുക്കി സൂക്ഷിക്കുകയും ചെയ്തു. അറ്റകുറ്റപണികൾ തീർത്ത് കടകൾ വൃത്തിയായും ആകർഷകമായും സൂക്ഷിക്കുകയും, കടകളിൽ 5x3 അടി വലിപ്പത്തിലുള്ള സ്റ്റോക്ക്/വില ബോർഡ്, 3x2 അടിവലിപ്പത്തിലുള്ള നോട്ടീസ് ബോർഡ് തുടങ്ങിയവ സ്ഥാപിക്കുകയുംചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി ജില്ലയിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ ; | (ബി) | റേഷൻ കട നവീകരണത്തിന് തിരഞ്ഞെടുക്കുന്ന കടകളിൽ 15,000/- രൂപയുടെ നവീകരണ പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിട്ടുളളത്. പരമാവധി 7500 രൂപ ഓരോ കടയ്ക്കും സർക്കാർ വിഹിതമായി അനുവദിക്കുന്നു. താലൂക്ക് തല വിശദാംശം ചുവടെ ചേർക്കുന്നു.<br>വൈത്തിരി - 67,500.<br>മാനന്തവാടി - 75,000.<br>സുൽത്താൻ ബത്തേരി - 67,500. |
| (സി) | ഈ പദ്ധതി പ്രകാരം നടപ്പു സാമ്പത്തിക വർഷം എന്തെല്ലാം പ്രവർത്തനങ്ങളാണ് ജില്ലയിൽ നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (സി) | നടപ്പ് സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയ്ക്കായി തുക വകയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ